(ഡി) ഇന്റഗ്രേഷൻ സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

154 (1758) ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലേയ്ക്ക് വാങ്ങുന്ന മരുന്നുകളും സർജിക്കൽ ഉപകരണങ്ങളും ഗുണനിലവാരമില്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമില്ലാത്തതാണെന്ന് ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിൽ തെളിഞ്ഞ കമ്പനികൾ ഇപ്പോഴും മരുന്നുവിതരണം നടത്തിവരികയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണനിലവാരത്തിൽ നിഷ്കർഷത പുലർത്തുന്ന കമ്പനികൾ ബി.പി.സി. ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുകയോ ഒഴിഞ്ഞുനിൽക്കുകയോ ചെയ്യുന്നതായ പ്രവണത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ചില മരുന്നുകളിലെ ചില ബാച്ചുകൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതെന്ന് തെളിയുന്ന മരുന്നുകളുടെ ഉപയോഗം ഉടൻ നിറുത്തിവയ്ക്കുകയും പ്രസ്തുത മരുന്നുകൾ വിതരണം നടത്തിയതിന് ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഗുണനിലവാരം കുറഞ്ഞ ബാച്ച് തിരികെ എടുത്ത് പകരം ഗുണനിലവാരമുള്ള പുതിയ ബാച്ചുകൾ വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. ഒരു കമ്പനിയേയും സ്റ്റോർ പർച്ചേസ് നിയമമനുസരിച്ച് ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇല്ല.

155 (1759) മെന്റൽ ഹെൽത്ത് അതോറിറ്റി

ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ ;
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly